# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 10**

---

## ഓണേഴ്സ് ബിരുദം; സപ്ലിമെന്ററി അലോട്ട്മെന്റിന് 15 മുതൽ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ജൂലൈ 15 മുതൽ 17 വരെ ഓൺലൈനിൽ(cap.mgu.ac.in) അപേക്ഷിക്കാം. ഇതുവരെ അപേക്ഷ നൽക്കാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും നിശ്ചിത സമയ പരിധിയിൽ പ്രവേശനം ഉറപ്പാക്കാൻ കഴിയാതിരുന്നവർക്കും പ്രവേശനം റദ്ദായിപ്പോയവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.*

*ഓൺലൈൻ അപേക്ഷയിൽ പിഴവു വരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാതിരുന്നവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കേ തില്ല. ഇവർക്ക് നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും പുതിയതായി ഓപ്ഷനുകൾ നൽകുകയും ചെയ്യാം.*

*സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതിയതായി ഓപ്ഷനുകൾ നൽകണം. സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റിൽ പ്രവേശനം എടുക്കേ ിവരും. ഇവരുടെ മുൻ പ്രവേശനം റദ്ദാകും.*

*ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കാം.*
*(പി.ആർ.ഒ/39/1807/2025)*

## ര ാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിന് പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായുള്ള ര ാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 14നു മുൻപ് പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കു മുൻപ് പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടും.*

*(പി.ആർ.ഒ/39/1808/2025)*

## പിജി, ബിഎഡ്; ഒന്നാം പ്രത്യേക അലോട്ട്മെന്റിന് ജൂലൈ 13 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി -പട്ടിക വർഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ജൂലൈ 13ന് വൈകുന്നേരം അഞ്ചുവരെ നീട്ടി.* cap.mgu.ac.in*ൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1809/2025)*

## സ്റ്റുഡന്റ് വെൽഫെയർ കോ-ഓർഡിനേറ്റർമാരുടെ യോഗം നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയറിന്റെ(ഡി.എസ്.ഡബ്ല്യു) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഫിലിയേറ്റഡ് കോളജുകളിലെ സ്റ്റുഡന്റ്സ് വെൽഫെയർ കോ-ഓർഡിനേറ്റർമാരുടെ യോഗം സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ഉദ്ഘാടനം ചെയ്തു.*

*ഡി.എസ്.ഡബ്ല്യുവിന്റെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കുന്ന വെബ് സൈറ്റിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ഡി.എസ്.ഡബ്ല്യു ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. എ.എസ്. സുമേഷ്, സെനറ്റ് അംഗം എം.എസ്. സുരേഷ്, ഡി.എസ്.ഡബ്ല്യു സെക്ഷൻ ഓഫീസർ ഡോ. ആന്റണി ജോസഫ്, പി.എസ്. സുജിത്ത്, ഡോറിറ്റ് എം. ലൂക്കോസ് എന്നിവർ പങ്കെടുത്തു.*
*(പി.ആർ.ഒ/39/1810/2025)*

## സ്പോട്ട് അഡ്മിഷൻ

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആൻറ് നാനോടെക്നോളജിയിൽ കണ്ണൂർ സർവകലാശാലയുമായി ചേർന്നു നടത്തുന്ന എംഎസ്സി ഫിസിക്സ് നാനോസയൻസ് ആൻറ് ടെക്നോളജി ജോയിൻറ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ ആറും എംഎസ്സി കെമിസ്ട്രി നാനോസയൻസ് ആൻറ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ മൂന്നും സീറ്റുകൾ ഒഴിവുകളു ്.*

*അർഹരായവർ ജൂലൈ 14ന് രാവിലെ 12ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ* (https://snsnt.mgu.ac.in/) *ഫോൺ -9495392750, 9447709276, 8281915276.*

.....................................

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിൽ(എസ്.സി-2, എസ്.ടി-1) ഇന്ന്(ജൂലൈ 11) സ്പോട്ട് അഡ്മിഷൻ നടക്കും.*
*താത്പര്യമുള്ള വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഉച്ചകഴിഞ്ഞ് മൂന്നിനുള്ളിൽ സർവകലാശാലാ കാമ്പസിലെ വകുപ്പ് ഓഫീസിൽ എത്തണം.*

.....................................

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ എം.എസ്.ഡബ്ല്യു(സ്പെഷ്യലൈസേഷനുകൾ-കമ്യൂണിറ്റി ഡവലപ്മെന്റ്, സൈക്യാട്രിക് സോഷ്യൽ വർക്ക്) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 14ന് സ്പോട്ട് അഡ്മിഷൻ നടത്തും.*
*താത്പര്യമുള്ളവർ അസ്സൽ രേഖകളുമായി സർവകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഐയുസിഡിഎസ് ഓഫീസിൽ രാവിലെ 10ന് എത്തണം. ഫോൺ- 8891391580*
*(പി.ആർ.ഒ/39/1811/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ എംഎ(സി.എസ്.എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ മ്യൂസിക് വയലിൻ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 16 മുതൽ 18 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.......................

*ര ാം സെമസ്റ്റർ ബിവോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഓട്ടോമേഷൻ(2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-ന്യൂ സ്കീം മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14 മുതൽ 16 വരെ കോളജുകളിൽ നടക്കും ടൈം ടേബിൾ വെബ് സൈറ്റിൽ(*www.mgu.ac.in*)*

....................

*ഒന്നു മുതൽ ഏഴു വരെ സെമസ്റ്ററുകൾ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ്( 2016 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്-പഴയ സ്കീം ജനുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21 മുതൽ പാലാ സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

....................

*നാലാം സെമസ്റ്റർ ബിവോക് ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസസ്, അക്കൗ ിംഗ് ആന്റ് ടാക്സേഷൻ,(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 24, 25 തീയതികളിൽ നടക്കും.*

....................

*നാലാം സെമസ്റ്റർ ബിവോക് ബിസിനസ് അക്കൗ ിംഗ് ആന്റ് ടാക്സേഷൻ(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14, 15 തീയതികളിൽ മുരിക്കാശേരി പാവനാത്മാ കോളജിൽ നടക്കും.*

....................

*നാലാം സെമസ്റ്റർ ബിവോക് അപ്ലൈഡ് അക്കൗ ിംഗ് ആന്റ് ടാക്സേഷൻ(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14ന് അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളജിൽ നടക്കും.*
*(പി.ആർ.ഒ/39/1812/2025)*

## വൈവ വോസി

*ര ാം സെമസ്റ്റർ എംഎസ്ഡബ്ല്യു(സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂലൈ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/1813/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*പത്താം സെമസ്റ്റർ ഐഎംസിഎ(2020 അഡ്മിഷൻ റഗുലർ, 2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്) ഡിഡിഎംസിഎ(2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷൻ വൈവ വോസി പരീക്ഷകൾക്ക് ജൂലൈ 17 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി ജൂലൈ 18നും സൂപ്പർ ഫൈനോടുകൂടി 19നും അപേക്ഷ സ്വീകരിക്കും.*
*(പി.ആർ.ഒ/39/1814/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**